LIBRARY ARCHIVES Kerala Legislative Assembly

സി-ഡിറ്റിലെ ജീവനക്കാർക്ക് നൽകിയ മൊബൈൽ ഫോൺ

37 (4383) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി -ഡിറ്റ് ചെലവിൽ ജീവനക്കാർക്ക് മൊബൈൽ ഫോൺ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) സി-ഡിറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് മൊബൈൽഫോൺ സിംകാർഡ് നൽകിയിട്ടുണ്ട് ;

(സി) ഇതിനായി ഇവർക്ക് ഓരോരുത്തർക്കും എത്ര രൂപ വീതം സി-ഡിറ്റ് അനുവദിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് മൊബൈൽ ഫോൺ /സിംകാർഡ് സൗകര്യം നൽകിയതിന് ആരാണ് അനുമതി നൽകിയത് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ ഔദ്യോഗിക ജോലിയുടെ ഭാഗമായി മറ്റു സ്ഥാപനങ്ങളുമായി/ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന സി-ഡിറ്റിലെ വകുപ്പു തലവൻമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് മാനേജർമാർ/സെന്റർ മാനേജർമാർ/ പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് കോ-ഓർഡിനേറ്റർമാർ എന്നിവർക്കുമാണ് മൊബൈൽ സിംകാർഡ് നൽകിയിട്ടുള്ളത്. ടെലിഫോൺ റീ-ഇംപേഴ്സ്മെന്റ് ആയി നിലവിൽ 1000 രൂപ വീതം നൽകിവന്നിരുന്നത് നിർത്തലാക്കിയാണ് സിം കാർഡുകൾ കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) സി-ഡിറ്റിലെ 37 ജീവനക്കാർക്ക് സിംകാർഡ് നൽകിയിട്ടുണ്ട്. ജീവനക്കാരുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ (സി.ഇ.പി.) എന്നിവർക്ക് 1000 രൂപയും മറ്റുള്ളവർക്ക് 750 രൂപാ വീതവുമാണ് മോണിറ്ററി ലിമിറ്റ് അനുവദിച്ചിട്ടുള്ളത്.

(ഡി) സി-ഡിറ്റ് രജിസ്ട്രാർ അംഗീകാരം നൽകിയ ഓർഡറിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

സി-ഡിറ്റിലെ രജിസ്ട്രാർമാർ

38 (4384) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് രൂപീകരിച്ചതുമുതൽ ഫുൾടൈം രജിസ്ട്രാർമാരായി എത്ര പേർ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; അവരുടെ പേര് വിവരവും സേവനം അനുഷ്ഠിച്ച കാലയളവും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്